# Athmaraksha.org

പ്രത്യേക അവസരങ്ങളിലെ പ്രാർത്ഥനകൾ

## കുഞ്ഞുങ്ങളെ ലഭിക്കുവാൻ ദമ്പതികളുടെ പ്രാർത്ഥന-children




### കുഞ്ഞുങ്ങളെ ലഭിക്കുവാൻ ദമ്പതികളുടെ പ്രാർത്ഥന

പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ. ആമ്മേൻ. സ്നേഹപിതാവായ ദൈവമേ, ഞങ്ങളെ ദാമ്പത്യജീവിത്തിൽ പ്രവേശിപ്പിച്ച അങ്ങയോടു ഞങ്ങൾ നന്ദിപറയുന്നു. ഞങ്ങളുടെ അഭിലാഷങ്ങളും ആഗ്രഹങ്ങളും നന്നായി അറിയുന്ന കർത്താവേ, ഞങ്ങൾക്ക് ഒരു കുഞ്ഞിനെ നല്കി അനുഗ്രഹിക്കണമേ. പിതൃത്വത്തിന്റെയും മാതൃത്വത്തിന്റേയും നാഥനായ അങ്ങ്, ഞങ്ങളെ ആശീർവദിക്കണമേ. നിർമ്മല കന്യകയായിരുന്ന മറിയത്തെ അത്ഭുതകരമാംവിധം മാതാവാക്കി ഉയർത്തിയ ദൈവമേ, അബ്രാഹത്തെയും, സാറായെയും, വാർദ്ധക്യത്തിൽ മാതാപിതാക്കളാക്കിയ പിതാവേ, ഞങ്ങൾക്കും മാതാപിതാക്കളാകുവാനുള്ള അനുഗ്രഹം നല്കണമേ. ഒരു കുഞ്ഞിന്റെ നിർമ്മലമായ സാന്നിദ്ധ്യത്താലും സ്നേഹത്താലും ഞങ്ങളുടെ ജീവിതത്തെ ധന്യമാക്കണമേ. അങ്ങനെ അങ്ങയുടെ സ്നേഹാമൃതം ഈ ലോകത്തിൽ അനുഭവിച്ചു ധന്യരാകുവാൻ ഞങ്ങളെ അനുവദിക്കുകയും ചെയ്യണമേ. ആമ്മേൻ.

<u>തിരുവചനം</u>

ഈ കുഞ്ഞിനു വേണ്ടിയാണ് ഞാൻ പ്രാർത്ഥിച്ചത്, എന്റെ പ്രാർത്ഥന കർത്താവ് കേട്ടു (1 സാമുവൽ 1:27).

കർത്താവിന്റെ ദാനമാണ് മക്കൾ,ഉദരഫലം ഒരു സമ്മാനവും (സങ്കീർത്തനങ്ങൾ 127:3)

ഉത്തമവും പൂർണവുമായ എല്ലാദാനങ്ങളും ഉന്നതത്തിൽനിന്ന്, മാറ്റമോ മാറ്റത്തിന്റെ നിഴലോ ഇല്ലാത്ത പ്രകാശങ്ങളുടെ പിതാവിൽനിന്നു വരുന്നു (യാക്കോബ് 1:17).

കർത്താവേ, ഞാൻ എന്താണു കാത്തിരിക്കേണ്ടത് എന്റെ പ്രത്യാശ അങ്ങയിലാണല്ലോ (സങ്കീർത്തനങ്ങൾ 39:7).

+++